ഏർപ്പാടാക്കാനുള്ള പ്രവൃത്തികൾ

1	2	3
1	ചെമ്പുഗ്രാമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ്	41.00

ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ

126 (3233) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി)

1. സംസ്ഥാന തീരദേശ മേഖലയുടെ വികസനം
2. മത്സ്യത്തൊഴിലാളികൾക്ക് താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വം, ശൗചാലയം എന്നിവ ലഭ്യമാക്കൽ
3. ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണം സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കൽ
4. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5. സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞ മാസത്തിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുക.

6. മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുക.

8. നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്ക് താഴെയുള്ള ഓട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക.

9. സംസ്ഥാനത്ത് 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളി കളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭ്യാസവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും നൽകുക.

10. മത്സ്യവും മത്സ്യ ഇതര ഉത്പന്നങ്ങളും ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

11. തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പുവരുത്തുക.

12. മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ ഉറസ്സായ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി, അലങ്കാര മത്സ്യങ്ങളുടെയും അക്വേറിയം സസ്യങ്ങളുടെയും ഉത്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യകർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ.

(സി) ഓരോ സാമ്പത്തികവർഷവും പദ്ധതി ആസൂത്രണം ചെയ്ത് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി നൽകിയ പദ്ധതികൾ ജില്ലാ ഓഫീസർമാർ/ഏജൻസികൾവഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും നടത്തുന്നു.